(സി) എന്നത്തേക്ക് ഈ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിക്ക് എൽ. ഐ. സി. ധനസഹായത്തോടെ 1998-ൽ 805 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അച്ചൻകോവിൽ ആറ്റിൽ നിലവിലുള്ള സ്രോതസ്സ് ഉപയോഗിച്ച് നൂറനാടിനും സമീപപ്രദേശങ്ങൾക്കും കുടിവെള്ളമെത്തിക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതിയിൽ, പാറ്റൂരിൽ നിർമ്മിക്കേണ്ട ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ടെണ്ടർ വിളിക്കാനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ എൻ. ഐ. റ്റി. തയ്യാറാക്കി ടെന്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. കൂടാതെ, ഉപരിതല ജലസംഭരണി, പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ തുടങ്ങിയവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) സ്ഥലമെടുപ്പിലുണ്ടായ കാലതാമസമാണ് പ്രധാന കാരണം.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചു മാത്രമേ പണി പൂർത്തിയാക്കുവാൻ കഴിയൂ.

പന്തളം മങ്ങാരം കേന്ദ്രമാക്കിയുള്ള എൽ. ഐ. സി. കുടിവെള്ള പദ്ധതി

81 [263] *ശ്രീ. കെ.കെ.ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മങ്ങാരം കേന്ദ്രമാക്കിയുള്ള എൽ. ഐ. സി. കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം അടിയന്തിര പ്രാധാന്യം ഉള്ള പദ്ധതികൾ കുറഞ്ഞ സമയത്തിനുള്ളിൽ പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഈ പദ്ധതിയുടെ ശുദ്ധീകരണശാലയ്ക്ക് ആവശ്യമായ 1.5 ഏക്കർ സ്ഥലം മങ്ങാരത്തും, സമ്പിനും പമ്പ് ഹൗസിനും ആവശ്യമായ 10 സെന്റ് സ്ഥലം കുരമ്പാലയിലും ലഭിച്ചിട്ടുണ്ട്. സംഭരണിക്ക് ആവശ്യമായ 10 സെന്റ് റവന്യൂ സ്ഥലം ആതിരമലയിൽ കിട്ടാനുണ്ട്. ശുദ്ധജലവിതരണശാലയുടെ മണ്ണ് പരിശോധനയ്ക്കുവേണ്ടി എൽ. ബി. എസ്സ്. -നെ ഏൽപ്പിച്ചിട്ടുണ്ട്. എൽ. ഐ. സി. ധനസഹായം അപര്യാപ്തമായതിനാൽ പദ്ധതി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ട് കണ്ടെത്തേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly